# കാലാവസ്ഥക്കെടുതികൾ വികസന പുനർചിന്ത ആവശ്യപ്പെടുന്നു

എം. സുചിത്ര

കേരളത്തിൽ ഇപ്പോൾ നടക്കുന്ന ജനകീയ സമരങ്ങളിൽ ഏറെയും ജീവിതസമരങ്ങളാണ്. അവർ ഉയർത്തുന്ന മുദ്രാവാക്യങ്ങൾ പരിസ്ഥിതി സംരക്ഷണമാകുന്നത് യാദൃച്ഛികമല്ല. തങ്ങളുടെ ജീവിതവും ഉപജീവനമാർഗങ്ങളും ഇല്ലാതാക്കുന്ന വികസനത്തെയാണ് അവർ എതിർക്കുന്നത്. വിനാശകരമായ വികസനം വേണ്ട എന്ന് വളരെ കൃത്യമായിത്തന്നെയാണ് അവർ പറയുന്നത്. പത്തുമുപ്പതു വർഷം മുമ്പ് പരിസ്ഥിതി പ്രവർത്തകർ പറഞ്ഞിരുന്നത് ഇപ്പോൾ സമരങ്ങൾ പറയുന്നു എന്ന് മാത്രം.

സ്വതന്ത്ര മാദ്ധ്യമ പ്രവർത്തക, എഴുത്തുകാരി

രണ്ട് വർഷം മുമ്പ് കേരളത്തിൽ പതിനാലാം നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുമ്പോൾ രാജ്യം കൊടുംചൂടിന്റെ മൂർദ്ധന്യത്തിലായിരുന്നു. ഉഷ്ണതരംഗത്തിന്റെ കാഠിന്യത്തിലൂടെ മറ്റ് സംസ്ഥാനങ്ങളെപ്പോലെ കേരളവും കടന്നുപോയി. നിരവധി പേർ മരണപ്പെട്ടു, പലർക്കും സൂര്യാഘാതമേറ്റു, കന്നുകാലികൾ ചത്തുവീണു, നീരുറവകൾ വരണ്ടുണങ്ങി, നദികൾ മണൽത്തിട്ടകളായി, കിണറുകൾ വറ്റി, വിളകൾ കരിഞ്ഞുണങ്ങി, കാടുകൾ വ്യാപകമായി കത്തി, വന്യമൃഗങ്ങൾ ദാഹജലം തേടി നാട്ടിലേക്കിറങ്ങി...ആഗോളതാപനത്തെപ്പറ്റിയും കാലാവസ്ഥാവ്യതിയാനത്തെപ്പറ്റിയും സാധാരണക്കാർ ഉറക്കെപ്പറയാൻ തുടങ്ങിയ നാളുകൾ. ഭൂമിയുടെ താപം ഉയരുന്നതുകൊണ്ടുണ്ടാകുന്ന കെടുതികൾ ലോകത്തിന്റെ ഏതെങ്കിലും ഒരു കോണിൽ മാത്രം സംഭവിക്കുന്ന കാര്യമല്ലെന്നും അതിന്റെ ദുരിതങ്ങളിൽ കേരളവും ഉൾപ്പെട്ടുകഴിഞ്ഞുവെന്നും മലയാളികൾക്കും ബോധ്യപ്പെട്ടു. പക്ഷെ, കേരളത്തിലെ പ്രബല രാഷ്ട്രീയ മുന്നണികൾക്ക് ഇക്കാര്യത്തിൽ വലിയ വേവലാതിയൊന്നും കണ്ടില്ല. പതിവുപോലെ സകലരെയും പ്രീണിപ്പിക്കുന്ന പ്രകടന പത്രികകളുമായി അവർ രംഗത്തെത്തി, സൈദ്ധാന്തിക വ്യത്യാസങ്ങളൊന്നുമില്ലാതെ. ജനങ്ങൾക്ക് ഭക്ഷ്യ-ജല-പാർപ്പിട-ജീവിതസുരക്ഷിതത്വം എല്ലാ മുന്നണികളും നിർലോഭം വാഗ്ദാനം ചെയ്തു, അതെങ്ങനെ സാധ്യമാകുമെന്ന ആകുലതകളൊന്നുമില്ലാതെ. ആഗോളതാപനമോ കാലാവസ്ഥാവ്യതിയാനമോ വിഷയമാകാതെ, തെരഞ്ഞെടുപ്പ് കടന്നുപോയി. അത്യുഷ്ണത്തിന്റെ പാരമ്യത്തിൽ പെയ്ത ഒരു മഴയുടെ ആശ്വാസത്തിനിടയിൽ ഊഴം തെറ്റിക്കാതെ പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുമുന്നണി അധികാരത്തിൽ വന്നു; എല്ലാം നേരെയാകുമെന്ന വാഗ്ദാനത്തോടെ.

പക്ഷേ, ഒന്നും നേരെയായില്ല. കാലവർഷം കനിഞ്ഞില്ല. പേരിനൊന്നു പെയ്ത് തെക്കുകിഴക്കൻ മൺസൂൺ സ്ഥലം കാലിയാക്കി. ഇടിയും മിന്നലുമൊക്കെയായി തിമർത്തുപെയ്യേണ്ട തുലാവർഷം ഒന്നെത്തിനോക്കിയതുപോലുമില്ല. പുതിയ സർക്കാർ അധികാരത്തിലെത്തി ആറുമാസത്തിനുള്ളിൽ കൊടുംവരൾച്ച തിരിച്ചുവന്നു. കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷങ്ങൾ തുടങ്ങുന്നതിന്റെ തലേന്ന്, 2016 ഒക്ടോബർ 31 ന്, കേരളത്തിലെ പതിനാലു ജില്ലകളും വരൾച്ചാബാധിതമായി പ്രഖ്യാപിക്കപ്പെട്ടു. മഴക്കാലത്ത് ഇങ്ങനെയൊരു പ്രഖ്യാപനം ആദ്യമായിട്ടാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികൾ നേരിടാൻ സംസ്ഥാനം എങ്ങനെ സജ്ജമാകണമെന്നും യുദ്ധകാലാടിസ്ഥാനത്തിൽ എന്തെല്ലാം ചെയ്യണമെന്നും സർക്കാരും സകല രാഷ്ട്രീയകക്ഷികളും ജനങ്ങളും ജനപ്രതിനിധികളും തദ്ദേശഭരണസ്ഥാപനങ്ങളും ഒന്നിച്ചിരുന്ന് ആലോചിക്കേണ്ട ഘട്ടമായിരുന്നു അത്. ഓഖി ദുരന്തം സംഭവിക്കുന്നതും ഇതേ സന്ദർഭത്തിലായി

രുന്നു.

കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും പ്രത്യാഘാതങ്ങൾ വരൾച്ച, കാട്ടുതീ, പേമാരി, വെള്ളപ്പൊക്കം, മണ്ണൊലിപ്പ്, കടലുയരൽ, കരയിടിയൽ, രോഗങ്ങൾ, ജലക്ഷാമം, കൃഷിനാശം, ഭക്ഷ്യക്ഷാമം, തൊഴിൽനഷ്ടം, കലാപം എന്നിങ്ങനെ പ്രകടമായിക്കൊണ്ടിരിക്കുകയാണ്. ഭൂമിയുടെ താപം കൂടുന്നതിന്റെ പ്രത്യാഘാതങ്ങൾ ലോകമൊട്ടാകെ അനുഭവപ്പെടുന്നുണ്ട്. സിറിയയിൽ ഇപ്പോൾ നടക്കുന്ന ആഭ്യന്തര കലാപങ്ങളുടെ കാരണങ്ങളിലൊന്ന് ആ രാജ്യത്ത് തുടർച്ചയായി ഉണ്ടായ വരൾച്ചയും ക്ഷാമവുമാണ്. എന്നാൽ, കെടുതികളും ദുരന്തങ്ങളും ഓരോ പ്രദേശവും വ്യത്യസ്തമായ രീതിയിലും തീവ്രതയിലുമാണ് അനുഭവിക്കുക. കാലാവസ്ഥാ വ്യതിയാന കെടുതികൾ കൈകാര്യം ചെയ്യാൻ ഒരു പ്രദേശത്തിനുള്ള പ്രാപ്തി നിർണയിക്കുന്നതിൽ അവിടുത്തെ മാനവവികസനത്തിന് കാര്യമായ പങ്കുണ്ട്. നൂറുകോടിയിലേറെ ജനങ്ങളും ഭൂമിയിലെ ദരിദ്രരിൽ മൂന്നിലൊരു ഭാഗവും ജീവിക്കുന്ന ഇന്ത്യപ്പോലൊരു രാജ്യത്ത് ഇത്തരം കെടുതികളുടെ രൂക്ഷത സങ്കൽപ്പിക്കാൻ പോലും കഴിയുന്നതിലപ്പുറമാണെന്ന് ഇക്കാര്യത്തിൽ ആഗോളതലത്തിൽ പഠനം നടത്തുന്ന ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള പല ഏജൻസികളും മുന്നറിയിപ്പ് നൽകുന്നുണ്ട്. ഉയർന്ന ജനസംഖ്യ, ഉയർന്ന ജനസാന്ദ്രത, ദാരിദ്യം, അനാരോഗ്യകരമായ ജീവിതപരിസരം, മഴയെ ആശ്രയിച്ചുള്ള കൃഷി (65%), രാസവസ്തുക്കളുടെ അമിതമായ ഉപയോഗം, ഭൂവിനിയോഗത്തിൽ പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങൾ, പാരിസ്ഥിതികവും സാമൂഹ്യവുമായ ആഘാതങ്ങൾ കണക്കിലെടുക്കാതെയുള്ള വ്യവസായവത്കരണം, മലിനീകരണം, വനനാശം, ദീർഘവീക്ഷണമില്ലാത്ത നഗരാസൂത്രണം, മോശമായ പൊതുഗതാഗതം, കാര്യക്ഷമമല്ലാത്ത മാലിന്യസംസ്കരണം, അനുദിനം തകരുന്ന പാരിസ്ഥിതിക സുസ്ഥിരത തുടങ്ങിയവയെല്ലാം ഇന്ത്യയെ സംബന്ധിച്ചിടത്തോളം പ്രതികൂല ഘടകങ്ങളാണ്. ഐക്യരാഷ്ട്രസഭ 2016 ൽ പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം മനുഷ്യവികസനസൂചികയുടെ കാര്യത്തിൽ 188 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 131 ആണ്. അയൽരാജ്യമായ ശ്രീലങ്ക (73) പോലും എത്രയോ മുന്നിലാണ്.

ഉപജീവനത്തിനുവേണ്ടി കാടിനെയും കടലിനെയും കൃഷിയെയും കന്നുകാലികളെയും ആശ്രയിക്കുന്നവരാണ് ഇന്ത്യയിലെ ഗ്രാമീണ ദരിദ്രരിൽ ഭൂരിഭാഗവും. ആദിവാസികൾ, ദളിതർ, മത്സ്യത്തൊഴിലാളികൾ, (അവരിൽത്തന്നെ സ്ത്രീകൾ) തുടങ്ങിയ പാർശ്വവത്കൃത ജനസമൂഹങ്ങളാണ് കെടുതികൾ കൂടുതലായി അനുഭവിക്കുക. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് ലോകരാഷ്ട്രങ്ങളെ താരതമ്യം ചെയ്യുന്ന പല പഠനങ്ങളും നടക്കുന്നുണ്ട്. ഇംഗ്ലണ്ട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മേപ്പിൾക്രോഫ്റ്റ് കമ്പനി സാമൂഹ്യവും സാമ്പത്തികവും പാരിസ്ഥിതികവുമായ 42 സൂചികകൾ അടിസ്ഥാനപ്പെടുത്തി 194 രാജ്യങ്ങളെ താരതമ്യം ചെയ്ത് 2014 ൽ ഒരു പഠനം നടത്തിയിരുന്നു. ഇതനുസരിച്ച് ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ അനുഭവിക്കാൻ സാധ്യതയുള്ള പതിമൂന്നാമത്തെ രാജ്യമാണ് ഇന്ത്യ. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളും-കശ്മീർ മുതൽ കന്യാകുമാരി വരെയും ഗുജറാത്ത് മുതൽ ത്രിപുര വരെയും കേരളം മുതൽ അരുണാചൽപ്രദേശ് വരെയും അടയാളപ്പെടുത്തിയിട്ടുള്ളത് ചുവപ്പിലാണ്. കെടുതികൾ അനുഭവിക്കാൻ സാധ്യതയില്ലാത്ത ഒരു പ്രദേശം പോലുമില്ല ഇന്ത്യയിൽ. കഴിഞ്ഞകുറെ വർഷങ്ങളായി ഇന്ത്യയുടെ പല ഭാഗങ്ങളും തുടർച്ചയായി വരൾച്ചയിലാണ്. 2013 ൽ മഹാരാഷ്ട്രയിൽ ഉണ്ടായ കൊടുംവരൾച്ച ഉദാഹരണം. കഴിഞ്ഞ 150 വർഷങ്ങളിൽ ആഗോളതലത്തിൽത്തന്നെ ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത് കഴിഞ്ഞ അഞ്ചുവർഷങ്ങളിലാണ്. ഉഷ്ണതരംഗം കാരണം അഞ്ചുവർഷത്തിനുള്ളിൽ മരിച്ചത് 4600 പേരാണ്. ഇത് ഔദ്യോഗികമായ കണക്കാണ്. അനൗദ്യോഗികമായ കണക്ക് ഇതിലുമെത്രയോ കൂടുതലായിരിക്കും. കൊടും വരൾച്ചപോലെത്തന്നെ ഇന്ത്യയുടെ പലഭാഗങ്ങളിൽ നിന്നും കനത്തമഴയും വെള്ളപ്പൊക്കവും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സാധാരണ പെയ്യേണ്ടതിനെക്കാൾ 375 ശതമാനം കൂടുതൽ മഴ നാലുദിവസത്തിനുള്ളിൽ പെയ്തതുകൊണ്ടാണ് 2013 ജൂണിൽ ഉത്തരാഖണ്ഡിൽ വലിയ വെള്ളപ്പൊക്കമുണ്ടായതും 5000 പേർക്ക് ജീവൻ നഷ്ടപ്പെട്ടതും.

ആഗോളതാപനം മൂലം സമുദ്രജലം വികസിക്കുന്നതുകൊണ്ടും ധ്രുവപ്രദേശങ്ങളിലെ ഭീമൻ മഞ്ഞുപാളികൾ ഉരുകുന്നതുകൊണ്ടും സമുദ്രനിരപ്പ് ഉയരുന്നുണ്ട്. കടൽനിരപ്പ് ഉയരുന്നത് മുമ്പ് നിർണയിച്ചിരുന്നതിനേക്കാൾ വേഗത്തിലാണെന്നു ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നുണ്ട്. അന്റാർട്ടിക്കയിലെ രണ്ടുവലിയ മഞ്ഞുപാളികൾ ഉരുകിയാൽ ലോകത്തിലെ സമുദ്രനിരപ്പ് പതിനൊന്നടി ഉയരും. അതോടെ ന്യൂയോർക്, മുംബൈ, കൊച്ചി തുടങ്ങി പല നഗരങ്ങളെയും കടൽ വിഴുങ്ങും. ആഗോളതാപനം ഇതേ അളവിൽ മുന്നോട്ടു പോയാൽ ഇത് 20-50 വർഷത്തിനുള്ളിൽ സംഭവിക്കും എന്നാണ് ശാസ്ത്രജ്ഞരുടെ നിഗമനം. പടിഞ്ഞാറും കിഴക്കുമായി 7500 കിലോമീറ്റർ നീണ്ടുകിടക്കുന്ന കടലോരമാണ് ഇന്ത്യയുടേത്. ജനസംഖ്യയുടെ 35 ശതമാനം തീരപ്രദേശത്തോട് ചേർന്നാണ് ജീവിക്കുന്നത്. കടൽനിരപ്പ് ഉയർന്നാൽ ലക്ഷക്കണക്കിനാളുകൾ അഭയാർത്ഥികളാകും. കിഴക്കൻ തീരത്ത് കൊടുങ്കാറ്റുകളുടെ എണ്ണവും തീവ്രതയും വർധിക്കുന്നു. 2013 ഒക്ടോബർ 11 ന്, ഫാലിൻ കൊടുങ്കാറ്റ് ഒഡീസയിൽ ആഞ്ഞടിച്ചപ്പോൾ ആ സംസ്ഥാനത്തു നിന്നും അയൽസംസ്ഥാനമായ ആന്ധ്രാപ്രദേശിൽ നിന്നുമായി അഞ്ചര ലക്ഷം ആളുകളെ ഒഴിപ്പിക്കേണ്ടതായി വന്നു. അവരെ സുരക്ഷിതരായി പാർപ്പിക്കാൻ അഞ്ഞൂറോളം ക്യാമ്പുകൾ നിർമ്മിക്കേണ്ടിവന്നു. ആ കൊടുങ്കാറ്റിൽ 20,000 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. ഇക്കാലമത്രയും നടന്നിട്ടുള്ള നിർമാണപ്രവർത്തനങ്ങൾ-കടൽ ഭിത്തികൾ, തുറമുഖങ്ങൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, താപവൈദ്യുതനിലയങ്ങൾ, പെട്രോ-കെമിക്കൽ ഇടനാഴികൾ, പ്രത്യേക സാമ്പത്തിക മേഖലകൾ തുടങ്ങി സകലതും-തീരവും കടലും തമ്മിലുള്ള ജൈവബന്ധത്തെയും താപ-ജല കൈമാറ്റങ്ങളെയും ബാധിച്ചിട്ടുണ്ടെന്നും കടൽക്ഷോഭം വർധിക്കാൻ ഇതും കാരണമാണെന്നും ശാസ്ത്രജ്ഞർ പറയുന്നു. ആഗോളതാപനത്തിന്റെ പശ്ചാത്തലത്തിൽ ധാന്യോൽപ്പാദനം കുറയാനും വലിയ ഭക്ഷ്യക്ഷാമം ലോകത്തുണ്ടാവാനുമുള്ള സാധ്യതയെപ്പറ്റി ഇന്റർ ഗവൺമെന്റൽ

പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (IPCC) 2014 മാർച്ചിൽ പുറത്തിറക്കിയ റിപ്പോർട്ടിൽ മുന്നറിയിപ്പ് നൽകുന്നുണ്ട്. ഇത് ഏറ്റവുമധികം ബാധിക്കുക ഇന്ത്യയെയും ചൈനയെയും പോലുള്ള ഉയർന്ന ജനസംഖ്യയുള്ള രാജ്യങ്ങളെയാണ്. ഭക്ഷ്യക്ഷാമവും ജലക്ഷാമവും സാമൂഹ്യമായി വലിയ അസമത്വം നിലനിൽക്കുന്ന ഇന്ത്യയിൽ രൂക്ഷമായ ആഭ്യന്തര കലാപത്തിനു വഴിവയ്ക്കാനുള്ള സാധ്യത എങ്ങനെ അവഗണിക്കാനാകും?

**കേരളത്തിന്റെ അവസ്ഥ**

കാലാവസ്ഥയുടെ കാര്യത്തിൽ ഇന്ത്യയിലെ മറ്റുസ്ഥലങ്ങളെ അപേക്ഷിച്ച് കേരളം താരതമ്യേന സുരക്ഷിതമാണ് എന്ന് പലരും കരുതുന്നുണ്ട്. അതൊരു മിഥ്യാധാരണയാണ്. പശ്ചിമഘട്ടത്തിനും അറബിക്കടലിനുമിടയിൽ കുടുങ്ങിയ നിലയിൽ, ചെരിഞ്ഞ്, വീതികുറഞ്ഞ്, നാട പോലെയാണ് സംസ്ഥാനത്തിന്റെ കിടപ്പുതന്നെ. നഗരങ്ങളുടെയും അർധനഗരങ്ങളുടെയും നഗരസ്വഭാവമുള്ള ഗ്രാമങ്ങളുടെയും ശൃംഖലയാണ് സംസ്ഥാനം. ഉയർന്ന ജനസാന്ദ്രത, ചതുരശ്ര കിലോമീറ്ററിൽ 859 പേർ. ദേശീയ ശരാശരിയെക്കാൾ മൂന്നിരട്ടി. ഭൂമിയുടെ 48 ശതമാനം മലനാട്. 40 ശതമാനം ഇടനാട്. തീരപ്രദേശം 12 ശതമാനം.

ആഗോളതാപനം കാരണം കടലും ചൂടുപിടിക്കുന്നുണ്ട്. കരയിലെന്നപോലെ കടലിലും ഓക്സിജന്റെ അളവ് കുറയുന്നുണ്ട്. കടലിന്റെ അടിത്തട്ട് വരളുന്നുണ്ട്. കടലിലെ ജീവജാലങ്ങൾക്ക് ശ്വാസംമുട്ടുകയും അവ മരിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിന്റെയും ഇന്ത്യയുടെയും മത്സ്യലഭ്യതയിൽ വന്ന കുറവുതന്നെ ഇതിനു തെളിവാണ്. 2014-ൽ സംസ്ഥാനത്തിനു കിട്ടിയത് 5.76 ലക്ഷം ടൺ മത്സ്യം ആയിരുന്നെങ്കിൽ 2015-ൽ 4.82 ലക്ഷം ടൺ മാത്രമാണ് കിട്ടിയത്.

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നീണ്ടുകിടക്കുന്ന 590 കിലോമീറ്റർ നീണ്ട കടലോരത്ത് എട്ടുലക്ഷത്തിലേറെ പേർ തിങ്ങിപ്പാർക്കുന്നുണ്ട്. കടലോരത്തെ ജനസാന്ദ്രത സംസ്ഥാനത്തിന്റെ ശരാശരിയെക്കാൾ രണ്ടിരട്ടിയാണ്. ഏറെയും മഴയെ ആശ്രയിച്ചുള്ള കൃഷി. ചൂടു കൂടിയാൽ വിളവ് കുറയുന്ന ഏകവിളത്തോട്ടങ്ങൾ. ജനങ്ങളിൽ മൂന്നിൽ രണ്ടുഭാഗവും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. മലനാടും ഇടനാടും തീരപ്രദേശവും സാരമായ പരിസ്ഥിതിനാശം നേരിടുന്നുണ്ട്. കേരളത്തിന്റെ കാലാവസ്ഥയും ജലസുരക്ഷിതത്വവും നിർണയിക്കുന്നതിൽ പരമപ്രധാനമായ പങ്കുള്ള പശ്ചിമഘട്ടത്തിന്റെ വലിയൊരു ഭാഗം ജനവാസകേന്ദ്രങ്ങളായും പ്ലാന്റേഷനുകളായും വർഷങ്ങൾക്കുമുമ്പേ പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. മൂന്നാർ പോലുള്ള സ്ഥലങ്ങളിൽ ദിവസേനയെന്നോണം പുതിയ റിസോർട്ടുകൾ മുളയ്ക്കുന്നു. ലൈസൻസുള്ളതും ഇല്ലാത്തതുമായ നിരവധി ക്വാറികൾ ഖനനം നടത്തുന്നു. ഇടനാട്ടിൽ നെൽവയലുകളും ചെറുകുന്നുകളും അപ്രത്യക്ഷമാകുന്നു. തീരപ്രദേശം റിയൽ എസ്റ്റേറ്റുകാരുടെയും ടൂറിസം വകുപ്പിന്റെയും പിടിയിലാണ്.

ഇന്ത്യയിൽ പ്രതിവർഷം ശരാശരി 3000 മില്ലീമീറ്റർ മഴ കിട്ടുന്ന സംസ്ഥാനങ്ങളിൽ ഒന്നായിരുന്നു കേരളം. ജൂൺ മുതൽ ഡിസംബർ വരെ ഏറെക്കുറെ തുടർച്ചയായി കാലവർഷവും തുലാവർഷവും. പിന്നെ ജനുവരി മുതൽ മെയ് വരെ വേനൽ. എന്നാലിന്ന് വരൾച്ച പതിവുസംഭവമായിക്കഴിഞ്ഞു. സംസ്ഥാനത്തിന്റെ മിക്ക ഭാഗങ്ങളിലും ഭൂഗർഭജലം അപകടകരമാംവിധം താഴേയ്ക്ക് പോയിരിക്കുന്നു. വരൾച്ചയായാലും പേമാരിയായാലും വെള്ളപ്പൊക്കമായാലും കൊടുങ്കാറ്റായാലും കടൽ നിരപ്പ് ഉയർന്നാലും അതൊക്കെ സംസ്ഥാനത്തിന്റെ സർവമേഖലകളെയും ബാധിക്കും. കേരളത്തിന്റെ നെല്ലറകളിലൊന്നായ പാലക്കാട് പുകയുന്നുണ്ട്. നാണ്യവിള കേന്ദ്രങ്ങളായ വയനാട്ടിലും ഇടുക്കിയിലും മഴ കുറയുന്നു; ചൂട് കൂടുന്നു. അറബിക്കടൽ ഒരു മീറ്റർ ഉയർന്നാൽ കൊച്ചിനഗരവും സമീപപ്രദേശങ്ങളും പിന്നെയില്ല. സമുദ്രനിരപ്പിനു താഴെ കൃഷി ചെയ്യാൻ കുട്ടനാടുണ്ടാവില്ല. കടലാക്രമണം കൂടിക്കൊണ്ടിരുന്നാൽ തീരപ്രദേശത്തുള്ളവർ അഭയാർഥികളായി ഇടനാട്ടിലെത്തും. ഇത്രയും പേരെ താങ്ങാനുള്ള ശേഷി കുടിവെള്ളം മുട്ടിയ ഇടനാടിനുണ്ടോ?

സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷിതത്വവും അപകടത്തിലാണ്. പണ്ടുമുതലേ ഭക്ഷ്യക്കമ്മി സംസ്ഥാനമാണ് കേരളം. മുഖ്യാഹാരമായ അരി ആവശ്യമുള്ളതിന്റെ 15 ശതമാനം മാത്രമാണ് ഇപ്പോൾ സംസ്ഥാനം ഉൽപ്പാദിപ്പിക്കുന്നത്. പ്രതിവർഷം 40 ലക്ഷം ടൺ അരി വേണ്ടയിടത്ത് വിളയിക്കുന്നത് അഞ്ചര ടൺ മാത്രം. കഴിഞ്ഞ നാലര ദശകത്തിനുള്ളിൽ ഏകദേശം ഏഴുലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇല്ലാതായിട്ടുണ്ട്. ഭൂമിയുടെ താപം ഒരു ഡിഗ്രി സെൽഷ്യസ് വർധിക്കുമ്പോൾ നെല്ലിന്റെ വിളവ് ഏറ്റവും കുറഞ്ഞത് നാലു മുതൽ ആറു ശതമാനം വരെ കുറയുമെന്നു വിദഗ്ധർ പറയുന്നു. നെൽകൃഷിയെപ്പറ്റി എന്തിനു വ്യാകുലപ്പെടണം, അരി ആന്ധ്രയിൽ നിന്ന് വരില്ലേ എന്നാണു ഇപ്പോഴും പറഞ്ഞു കേൾക്കാറുള്ളത്. എന്നാൽ, ആന്ധ്രയിൽ കൊടുങ്കാറ്റുകളുടെ എണ്ണവും തീവ്രതയും കൃഷിനാശത്തിന്റെ വ്യാപ്തിയും വർധിക്കുകയാണ്. ആന്ധ്ര എപ്പോഴും ഒരു ധാന്യമിച്ച സംസ്ഥാനമായിരിക്കും എന്ന് എന്താണുറപ്പ്?

കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികൾ കേരളത്തിന്റെ കാർഷിക-മത്സ്യബന്ധന-വിനോദസഞ്ചാര മേഖലകളെയും സമ്പദ്വ്യവസ്ഥയെയും സാരമായി ബാധിക്കും. കേരളത്തിലെ കൃഷിഭൂമിയുടെ 65 ശതമാനം റബ്ബർ, തേയില, കാപ്പി, ഏലം, തെങ്ങ്, കവുങ്ങ്, കശുവണ്ടി, കുരുമുളക് എന്നീ എട്ടു ദീർഘകാല നാണ്യവിളകൾക്കു കീഴിലാണ്. ഇന്ത്യയിലെന്നല്ല ലോകത്തുതന്നെ മറ്റൊരിടത്തും കാണാത്ത സ്ഥിതിവിശേഷമാണിത്. ആഭ്യന്തര-ആഗോള വിപണികളിലുണ്ടാകുന്ന നേരിയ ചലനം പോലും വിളയുടെ വിലയെ ബാധിക്കും. ഭൂമിയുടെ ഊഷ്മാവ് ഒരു ഡിഗ്രി കൂടിയാൽ റബ്ബറിന്റെ ഉൽപ്പാദനം പത്തു ശതമാനം കുറയുമെന്നാണ് പുതുപ്പള്ളിയിലെ റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണ്ടെത്തൽ. ചൂടുകൂടുന്നതുകൊണ്ട് കിട്ടു

ന്ന പാലിന്റെ അളവ് കുറഞ്ഞിട്ടുണ്ടെന്ന് റബ്ബർ കർഷകർ പറയുന്നുണ്ട്. അതിവർഷം കാരണം 2012 ൽ സംസ്ഥാനത്ത് റബ്ബറിന്റെ ഉൽപ്പാദനത്തിൽ സാരമായ കുറവുവന്നിരുന്നു. തേയിലയുടെയും കാപ്പിയുടെയും ഏലത്തിന്റെയും കുരുമുളകിന്റെയുമൊക്കെ വിളവിനെ ചൂട് എത്രത്തോളം ബാധിക്കുന്നുണ്ട് എന്ന കാര്യത്തിലും ഗവേഷണം നടക്കുന്നുണ്ട്. ആഗോളതാപനം കാരണം കടലും ചൂടുപിടിക്കുന്നുണ്ട്. കരയിലെന്നപോലെ കടലിലും ഓക്സിജന്റെ അളവ് കുറയുന്നുണ്ട്. കടലിന്റെ അടിത്തട്ട് വരളുന്നുണ്ട്. കടലിലെ ജീവജാലങ്ങൾക്ക് ശ്വാസംമുട്ടുകയും അവ മരിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിന്റെയും ഇന്ത്യയുടെയും മത്സ്യലഭ്യതയിൽ വന്ന കുറവുതന്നെ ഇതിനു തെളിവാണ്. 2014-ൽ സംസ്ഥാനത്തിനു കിട്ടിയത് 5.76 ലക്ഷം ടൺ മത്സ്യം ആയിരുന്നെങ്കിൽ 2015-ൽ 4.82 ലക്ഷം ടൺ മാത്രമാണ് കിട്ടിയത്. അതായത്, 16 ശതമാനത്തിന്റെ കുറവ്. ദേശീയതലത്തിൽ കുറവ് വന്നത് 5.3 ശതമാനം മാത്രവും.

### സമ്പദ്‌വ്യവസ്ഥ തകരുന്നു

കാലാവസ്ഥാവ്യതിയാനം ഉണ്ടാക്കുന്ന നാശനഷ്ടങ്ങളും അവ നേരിടാൻ വേണ്ട ഭീമമായ ചെലവും സമ്പദ്‌വ്യവസ്ഥ തകർക്കും. മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ 2.6 ശതമാനം വേണ്ടിവരും കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികൾ നേരിടാൻ എന്നാണ് 2012 ൽ കേന്ദ്രസർക്കാർ പറഞ്ഞ കണക്ക്. മഴ അഞ്ചു ശതമാനം കുറഞ്ഞാൽ ഇന്ത്യയുടെ ജി.ഡി.പിയിൽ 1.75 ശതമാനത്തിന്റെ, അതായത് 1,80,000 കോടിരൂപയുടെ കുറവുണ്ടാകുമെന്നും ലക്ഷക്കണക്കിന് പേർക്ക് തൊഴിൽ നഷ്ടപ്പെടുമെന്നും ഭക്ഷ്യവസ്തുക്കളുടെ വില കുത്തനെ ഉയരുമെന്നും 2014-ലെ വരൾച്ചാസമയത്ത് അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് പുറത്തിറക്കിയ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. കെടുതികളുടെ എണ്ണവും ആഘാതവും കൂടുന്നതനുസരിച്ച് ഈ ചെലവും കൂടുകയേയുള്ളു. ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ ജി.ഡി.പി യുടെ പത്തുശതമാനത്തോളം കാലാവസ്ഥാ കെടുതികൾ നേരിടാൻ വേണ്ടിവരുമെന്നാണ് ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് വ്യക്തമാക്കുന്നത്. 2025 ആകുമ്പോഴേക്കും ഇന്ത്യയെപ്പോലുള്ള ഒരു വികസ്വര രാജ്യത്തിനു കാലാവസ്ഥാകെടുതികൾ നേരിടാൻ ഏകദേശം 150 ബില്യൺ അമേരിക്കൻ ഡോളർ വേണ്ടിവന്നേക്കുമെന്നാണ് 2014 ഐക്യരാഷ്ട്രസഭ പുറത്തിറക്കിയ ഒരു റിപ്പോർട്ട് സൂചിപ്പിക്കുന്നത്. മുമ്പ് പരാമർശിച്ച മേപ്പിൾ ക്രോഫ്റ്റ് പഠനത്തിൽ ശ്രദ്ധേയമായ മറ്റൊരുകാര്യം കൂടി പറയുന്നുണ്ട്. ചൈന, ഇന്ത്യ, അമേരിക്ക എന്നീ രാജ്യങ്ങൾക്ക് 2030-ൽ കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികൾ നേരിടാൻ വേണ്ടിവരുന്ന ചെലവ് ഒന്നിച്ചു കണക്കാക്കിയാൽ അത് ഏകദേശം 2.5 ട്രില്യൺ അമേരിക്കൻ ഡോളർ വരെ വന്നേക്കും. ഇന്ത്യയെപ്പോലുള്ള ഒരു ദരിദ്രരാജ്യത്തിന് താങ്ങാനാവുന്നതല്ല ഇത്രയും കനത്ത സാമ്പത്തികഭാരം. കടക്കെണിയിൽപ്പെട്ടുഴലുന്ന കേരളത്തിനും കഴിയില്ല ഇത്രയും വഹിക്കാൻ. അപര്യാപ്തമായ ആക്ഷൻപ്ലാനുകൾ കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളുടെ ഭീകരത നമുക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതിലും അപ്പുറമാണെന്നിരിക്കെ, ഇവ നേരിടാൻ ഇന്ത്യയും കേരളവും സജ്ജമാണോ? കാലാവസ്ഥാവ്യതിയാനത്തെപ്പറ്റി ചർച്ച ചെയ്യാൻ 1995 മുതൽ എല്ലാ വർഷവും ആഗോള ഉച്ചകോടികൾ നടക്കുന്നുണ്ട്. 1997-ൽ ജപ്പാനിലെ ക്യോട്ടോവിൽ വച്ച് ഒപ്പിട്ട ഉടമ്പടി മുതൽ പാരീസിൽ ഇന്ത്യ ഉൾപ്പെടെ 117 രാഷ്ട്രങ്ങൾ ഒപ്പിട്ട കരാർ വരെ ഭൂമിയെ രക്ഷിക്കാനും ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളുന്നത് കുറയ്ക്കാനുമൊക്കെയുള്ള ശ്രമത്തിന്റെ ഭാഗമാണ്.

കാലാവസ്ഥാവ്യതിയാനം കാര്യക്ഷമമായി നേരിടാനുള്ള കർമ്മപദ്ധതി ഉണ്ടാക്കാനും നടപ്പിലാക്കാനും പുരോഗതി വിലയിരുത്താനും അവ മറ്റുരാഷ്ട്രങ്ങളെ അറിയിക്കാനും ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുള്ള ഓരോ രാജ്യവും ബാധ്യസ്ഥമാണ്. കാലാവസ്ഥാവ്യതിയാനം ആഗോള പ്രതിഭാസമാണെങ്കിലും ഓരോ രാജ്യവും ഓരോ പ്രദേശവും അത് അനുഭവിക്കുന്നത് വ്യത്യസ്തമായ തരത്തിലായതിനാൽ നയങ്ങളും പദ്ധതികളും രൂപീകരിക്കേണ്ടത് ദേശീയതലത്തിലും പ്രാദേശിക തലത്തിലും കൂടിയായിരിക്കണമെന്നത് തീരുമാനിക്കപ്പെട്ടതാണ്. ഇതിന്റെ ഭാഗമായി ഇന്ത്യയും ജൂൺ 2008-ൽ ഒരു ദേശീയ കർമ്മപദ്ധതി ഉണ്ടാക്കിയിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനത്തെ അഭിസംബോധന ചെയ്യാൻ ഇന്ത്യയിൽ നിലവിലുള്ള നയങ്ങളുടെയും ഭാവിയിൽ ഉണ്ടാക്കേണ്ട നയങ്ങളുടെയും രൂപരേഖയാണിത്. കാലാവസ്ഥാവ്യതിയാനം കണക്കിലെടുത്തുകൊണ്ട് ഇന്ത്യയുടെ വികസനം മുന്നോട്ടുകൊണ്ടുപോകാൻ എട്ടു മിഷനുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ, നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രികൾച്ചർ, നാഷണൽ വാട്ടർ മിഷൻ, നാഷണൽ മിഷൻ ഫോർ എ ഗ്രീൻ ഇന്ത്യ, നാഷണൽ മിഷൻ ഫോർ സ്ട്രാറ്റജിക് നോളെജ് എന്നീ നാല് മിഷനുകളെങ്കിലും ഗ്രാമങ്ങളിൽ ജീവിക്കുന്ന ദരിദ്രജനവിഭാഗങ്ങളുമായി നേരിട്ടുബന്ധമുള്ളതാണ്. ഈ മിഷനുകളുടെയൊന്നും പ്രവർത്തനങ്ങൾ തൃപ്തികരമായി മുന്നോട്ടുപോയിട്ടില്ല. ജല-ഭക്ഷ്യസുരക്ഷിതത്വം, കൃഷി, തീരദേശ സംരക്ഷണം, പൊതുഗതാഗതം, കൃത്യ സമയത്ത് ആവശ്യമായ വിവരങ്ങൾ ജനങ്ങൾക്കു ലഭ്യമാക്കൽ, ഡിസാസ്റ്റർ മാനേജ്മെന്റ്, പലതലങ്ങളിൽ സർക്കാരിനെയും ജനങ്ങളെയും ശാക്തീകരിക്കൽ തുടങ്ങിയ പലതും ഈ മിഷനുകൾക്കു കീഴിൽ വരുന്നവയാണ്. ആവശ്യത്തിന് ഫണ്ട് ഈ മിഷനുകൾക്കു ലഭിക്കുന്നില്ലെന്നതു മാത്രമല്ല പ്രശ്നം. ഇവ നടപ്പിലാക്കേണ്ടത് വികേന്ദ്രീകൃതമായ രീതിയിൽ പ്രാദേശിക തലത്തിലാണ്. സംസ്ഥാനങ്ങളാണ് അക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടത്. ദേശീയ മിഷന്റെ തുടർച്ചയെന്ന നിലയിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളും ഉണ്ടാക്കിയിട്ടുണ്ട് അവരവരുടേതായ കർമ്മപദ്ധതി. കേന്ദ്ര-പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം നിർദ്ദേശിച്ച ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനങ്ങൾ കർമപദ്ധതി തയ്യാറാക്കിയത്. പക്ഷേ, ഇവ പെട്ടെന്ന് തട്ടിക്കൂട്ടിയുണ്ടാക്കിയവയാണ്. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് പ്രാദേശികതലത്തിൽ ഇപ്പോഴുള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വേണ്ടവിധം നിർണയിക്കാനോ അവ കാര്യക്ഷമമായി നേരിടാൻ വേണ്ട വ്യക്തമായ രൂപരേഖ തയ്യാറാക്കാനോ സംസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. കാലാവസ്ഥാ വ്യതി

യാനത്തിന്റെ പ്രത്യാഘാതങ്ങൾ വളരെ ഗുരുതരമായതിനാൽ പുതിയ നയങ്ങളും പദ്ധതികളും ആവിഷ്ക്കരിക്കുന്നത് ഇതുക്കൂടി കണക്കിലെടുത്തതുകൊണ്ടായിരിക്കണമെന്നു കേന്ദ്രവും കേരളവും കർമ്മപദ്ധതികളിൽ പറയുന്നുണ്ട്. പക്ഷേ, ഇത് നടപ്പിലാക്കാനുള്ള രാഷ്ട്രീയേച്ഛ കേന്ദ്രമോ കേരളമോ (മറ്റു സംസ്ഥാനങ്ങളും) കാണിക്കുന്നില്ല. പരിസ്ഥിതി സൗഹൃദമായ ചില നടപടികൾ എടുക്കുമ്പോഴും അവയെ ഇല്ലാതാക്കും വിധമുള്ള പദ്ധതികളായിരിക്കും മറുവശത്ത് ആവിഷ്കരിക്കുന്നത്. വൻകിട സ്വകാര്യകമ്പനികളെ സഹായിക്കുന്നതിനുവേണ്ടി പരിസ്ഥിതിസംരക്ഷണം, വനം, ഖനനം, തീരദേശ സംരക്ഷണം, വനാവകാശം, മലിനീകരണം, തണ്ണീർത്തട സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം തുടങ്ങിയവയുമായി ബന്ധപ്പെട്ടതും കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ അതീവപ്രാധാന്യമുള്ളതുമായ പല നിയമങ്ങളിലും നരേന്ദ്ര മോദി സർക്കാർ വെള്ളം ചേർത്തുകഴിഞ്ഞു. പരിസ്ഥിതികാനുമതി വേണ്ട പല വ്യവസായത്തെയും അതിൽ നിന്നൊഴിവാക്കി. ദേശീയ തണ്ണീർത്തട അതോറിറ്റി പിരിച്ച് വിടുക വരെ ചെയ്തു. ഇതേ രീതിയിൽത്തന്നെയാണ് കേരളത്തിലും കാര്യങ്ങൾ നടക്കുന്നത്. വികസനം ഒരു വഴിക്ക്, പരിസ്ഥിതി സംരക്ഷണം മറ്റൊരു വഴിക്ക്. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകുന്നുവെന്നപേരിൽ രൂപീകരിച്ച ഹരിതകേരളം മിഷനിൽ പ്രധാനമായി ഉൾപ്പെടുത്തിയിട്ടുള്ളത് ജലവും നെൽവയൽ തണ്ണീർത്തട സംരക്ഷണവും മാലിന്യസംസ്കരണവുമാണ്. പക്ഷേ, മറുഭാഗത്ത്, ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതി, ബ്രഹ്മപുരം മാലിന്യസംസ്കരണപദ്ധതി, ടെക്നോപാർക്ക് വികസനപദ്ധതി എന്നിവയ്ക്ക് വേണ്ടി ഒരു ഓർഡിനൻസിലൂടെ നെൽവയൽ-തണ്ണീർത്തട നിയമം മറികടക്കുകയാണ് സർക്കാർ ചെയ്തത്. കീഴാറ്റൂരിലെ നെൽവയൽ സംരക്ഷണ സമരത്തിന്റെ കാര്യത്തിലെടുത്ത അനുകൂലമല്ലാത്ത സമീപനവും ഓർമ്മിക്കുക.

പശ്ചിമഘട്ടത്തിന്റെ കാര്യത്തിലും അപകടകരമായ അനാസ്ഥയാണ് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും കാണിക്കുന്നത്. ഹിമാലയത്തെ ഒരു മിഷനായി പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടുണ്ട് കേന്ദ്രസർക്കാർ കർമ്മപദ്ധതിയിൽ. ആ പരിഗണന പശ്ചിമഘട്ടത്തിനു ലഭിച്ചില്ല. ഹിമാലയത്തെക്കാൾ പ്രാചീനമാണ് ആറു സംസ്ഥാനങ്ങളിലായി സ്ഥിതിചെയ്യുന്ന പശ്ചിമഘട്ടം. കേരളത്തിന്റെ മാത്രമല്ല ദക്ഷിണേന്ത്യയുടെ മുഴുവൻ ജലലഭ്യതയും നിലനിൽപ്പും ഈ മലനിരകളെ ആശ്രയിച്ചാണ്. കേരളത്തിലെ 44 നദികൾക്കു പുറമേ കാവേരി, കൃഷ്ണ തുടങ്ങിയ പല പ്രധാന നദികളും ഉത്ഭവിക്കുന്നത് പശ്ചിമഘട്ടത്തിൽ നിന്നാണ്. ജൈവവൈവിധ്യത്തിന്റെ കാര്യത്തിൽ ലോകത്തിലെ ഏറ്റവും പ്രധാനപെട്ട എട്ട് ഹോട്ട് സ്പോട്ടുകളിൽ ഒന്ന്. മറ്റൊരിടത്തും കാണാത്ത തരം സവിശേഷതകളുള്ള നിത്യഹരിതവനങ്ങളും പുൽമേടുകളും. വംശനാശം നേരിടുന്ന മുന്നൂറിലേറെ സസ്യ-ജന്തുജാലങ്ങളുടെ ആവാസകേന്ദ്രം, ലോകത്തിനുവേണ്ടിത്തന്നെ കാത്തുസൂക്ഷിക്കേണ്ടതായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിലൊന്ന്. മലയോര കർഷകർക്ക് ഗുണകരമാകുമായിരുന്ന മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്, കർഷകരിൽ ഭീതി ജനിപ്പിച്ചുകൊണ്ടും അവരെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടും അട്ടിമറിക്കാൻ എല്ലാ രാഷ്ട്രീയപാർട്ടികളും ചില മതവിഭാഗങ്ങളും കൈകോർക്കുന്ന കാഴ്ചയാണ് കേരളത്തിൽ കണ്ടത്. അത് റിസോർട്ടുകൾക്കും ക്വാറികൾക്കും വേണ്ടിയായിരുന്നുവെന്ന് ചിലരെങ്കിലും സമ്മതിക്കുന്നുണ്ട്. കേരളത്തിന്റെ പരിസ്ഥിതിസംരക്ഷണത്തിൽ പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടും, പ്രാദേശിക ജനവിഭാഗങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും പശ്ചിമഘട്ടം സംരക്ഷിക്കും എന്ന് ഇടതുമുന്നണി തെരഞ്ഞെടുപ്പുപത്രികയിൽ ചെയ്ത വാഗ്ദാനം പാലിക്കാനുള്ള ഒരു നീക്കവും ഇതുവരെ നടന്നിട്ടില്ല. കേന്ദ്രസർക്കാരാണെങ്കിൽ, പശ്ചിമഘട്ട സംരക്ഷണ നോട്ടിഫിക്കേഷൻ ഇതുവരെ അന്തിമരൂപം നൽകിയിട്ടില്ല.

### പുതിയ വികസന മാതൃക

ആഗോളതാപനം മനുഷ്യർ എന്ന ഒരൊറ്റ ജന്തുവർഗത്തിന്റെ ആർത്തികൊണ്ട് ഉണ്ടായതാണ്. ഭൂമിയിലെ മറ്റൊരു ജീവിക്കും ഇതിൽ പങ്കില്ല. കൽക്കരിയും എണ്ണയും പ്രകൃതിവാതകവും കണ്ടുപിടിച്ചതിനുശേഷം സകലമേഖലകളിലും ഉൽപ്പാദനം ഇരട്ടിയാക്കിക്കൊണ്ട് അതിവേഗത്തിലുള്ള സമ്പദ്‌വളർച്ച കൈവരിക്കാൻ കഴിഞ്ഞ ഒന്നര നൂറ്റാണ്ടിൽ മനുഷ്യർ കാട്ടിക്കൂട്ടിയ പരാക്രമങ്ങളുടെ അനന്തരഫലം. ഭൂമിയുടെ സുസ്ഥിരതയും മനുഷ്യർ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ നിലനിൽപ്പും ഉറപ്പുവരുത്തുന്ന പുതിയ വഴി കണ്ടെത്തുകയാണ് ഇനി വേണ്ടത്. സുസ്ഥിരമായ വികസനം എന്ന മുദ്രാവാക്യം പോലും ഉപേക്ഷിക്കേണ്ടിവരും. മനുഷ്യകേന്ദ്രീകൃതമായ ചിന്തകൾ ഉപേക്ഷിക്കേണ്ടിവരും. ബാക്കി നിൽക്കുന്ന ഓരോ കാടും നെൽവയലും കുന്നും ജലസ്രോതസ്സുകളും എന്ത് വിലകൊടുത്തും സംരക്ഷിക്കേണ്ടി വരും. കേരളത്തിൽ ഇപ്പോൾ നടക്കുന്ന നാന്നൂറിലേറെ ജനകീയസമരങ്ങളിൽ ഏറെക്കുറെ എല്ലാം ജീവിതസമരങ്ങളാണ്. അവർ ഉയർത്തുന്ന മുദ്രാവാക്യങ്ങൾ പരിസ്ഥിതി സംരക്ഷണമാകുന്നത് യാദൃശ്ച്ഛികമല്ല. തങ്ങളുടെ ജീവിതവും ഉപജീവനമാർഗങ്ങളും ഇല്ലാതാക്കുന്ന വികസനത്തെയാണ് അവർ എതിർക്കുന്നത്. വിനാശകരമായ വികസനം വേണ്ട എന്ന് വളരെ കൃത്യമായിത്തന്നെയാണ് അവർ പറയുന്നത്. പത്തുമുപ്പതു വർഷം മുമ്പ് പരിസ്ഥിതി പ്രവർത്തകർ പറഞ്ഞിരുന്നത് ഇപ്പോൾ സമരങ്ങൾ പറയുന്നു എന്ന് മാത്രം.

കാലാവസ്ഥാവ്യതിയാനത്തെ വികേന്ദ്രീകൃതമായ രീതിയിൽ എങ്ങനെ നേരിടാമെന്നും പ്രാദേശികതലത്തിൽ ജനങ്ങളെ എങ്ങനെ ശാക്തീകരിക്കണമെന്നും ചിന്തിക്കുകയാണ് കേരളം പോലൊരു സംസ്ഥാനം ഇപ്പോൾ ചെയ്യേണ്ടത്. താരതമ്യേന കാര്യക്ഷമമായ ത്രിതല പഞ്ചായത്ത് സംവിധാനം നിലനിൽക്കുന്നതുകൊണ്ടും ജനകീയാസൂത്രണം ഒരിക്കൽ പരീക്ഷിച്ചിട്ടതുള്ളതുകൊണ്ടും ഇതിനു വലിയ ബുദ്ധിമുട്ടുണ്ടാവില്ല. പക്ഷേ, അതിന് രാഷ്ട്രീയമായ ഇച്ഛാശക്തി വേണമെന്ന് മാത്രം. കാലാവസ്ഥാവ്യതിയാനം അടിയന്തിര പ്രാധാന്യമുള്ള പൊതുവിഷയമായി ഇനിയും മാറിയിട്ടില്ല എന്നത് ആശങ്കാജനകമാണ്. കളയാൻ നമുക്കിനി അധികസമയം ഇല്ല. അവസാനത്തെ സുവർണ മണിക്കൂറിലാണ് നമ്മൾ. ■